ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടറുടെ കാര്യാലയം
തൈക്കാട്, തിരുവനന്തപുരം-14

ഇ-മെയിൽ : director.ims@kerala.gov.in **ഫോൺ നം. 0471-2323960**
വെബ്സൈറ്റ് : www.ims.kerala.gov.in

ഡയറക്ടറുടെ നടപടി ഉത്തരവ്

വിഷയം:- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്-അച്ചടക്ക നടപടി-പഠനാവശ്യാർത്ഥം അനുവദിച്ച ശൂന്യവേതനാവധിക്ക് ശേഷവും അല്ലാതെയും അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കൽ-മെഡിക്കൽ ഓഫീസർമാരെ സർവ്വീസിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

പരാമർശം:-
1. ഈ ഓഫീസിലെ **29/09/2026** തീയതിയിലെ ഇ1-3294/2025/ ഡി.ഐ.എം.എസ് നമ്പർ അനൗദ്യോഗിക കുറിപ്പ്.
2. ഈ ഓഫീസിലെ **05/10/2026** തീയതിയിലെ ഡി3-3547/2026 /ഡി.ഐ.എം.എസ് നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
3. ഡോ.ഗോകുൽ.സി.ജി ക്രമനമ്പർ (17) സമർപ്പിച്ച വിശദീകരണ കത്ത് തീയതി **24/10/2026.**
4. ഡോ.അനഘ.ജി ക്രമനമ്പർ (20) സമർപ്പിച്ച രാജി അപേക്ഷ തീയതി **22/10/2026.**

ഉത്തരവ് നം. ഡി3 - 3547/2026/ഡി.ഐ.എം.എസ്.തീയതി: 06-11-2026

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ പ്രൊബേഷൻ പൂർത്തിയാക്കാത്ത താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ള മെഡിക്കൽ ഓഫീസർമാർ, തങ്ങൾക്ക് അനുവദിച്ച ശൂന്യവേതന അവധിക്ക് ശേഷമോ, അല്ലാതെയോ ഔദ്യോഗിക അനുമതിയില്ലാതെ ദീർഘകാലമായി ജോലിക്ക് ഹാജരാകാതെ അനധികൃത ഹാജരില്ലായ്മയിൽ തുടർന്ന് വരികയായിരുന്നു. ഈ നടപടി കടുത്ത അച്ചടക്കലംഘനവും, പൊതുജനാരോഗ്യ സേവനങ്ങളോടുള്ള കർത്തവ്യവിലോപവുമായി വിലയിരുത്തപ്പെട്ടതിനെ തുടർന്ന്, പരാമർശം (2) പ്രകാരം ഇവർക്കെതിരെ സർവ്വീസിൽ നിന്നും പിരിച്ചുവിടാതിരിക്കാൻ കാരണം കാണിക്കൽ നോട്ടീസ് രജിസ്റ്റേർഡ് തപാൽ വഴി പുറപ്പെടുവിക്കുകയുണ്ടായി.

പ്രസ്തുത കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലമുള്ള തൃപ്തികരമായ വിശദീകരണം സമർപ്പിക്കാനോ, അല്ലെങ്കിൽ തിരികെ ജോലിയിൽ പ്രവേശിക്കാനോ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിരുന്നെങ്കിലും, നിശ്ചിത സമയപരിധിക്കുള്ളിൽ ഭൂരിഭാഗം പേരും യാതൊരുവിധ വിശദീകരണവും നൽകിയിട്ടില്ല.

പട്ടികയിലെ ക്രമനമ്പർ (17) ആയ ഡോ.ഗോകുൽ.സി.ജി സമർപ്പിച്ച വിശദീകരണത്തിൽ (പരാമർശം 3), അന്യസംസ്ഥാനത്തെ മെഡിക്കൽ കോളേജിൽ സീനിയർ റസിഡന്റ് ആയി ജോലി നോക്കുന്നതിനാൽ ഹാജരാകാൻ സാധിച്ചില്ല എന്നറിയിച്ചിട്ടുള്ളത് വകുപ്പിലെ അവധി നിബന്ധനകൾക്ക് വിരുദ്ധമായതിനാലും, ബോധപൂർവ്വമായ നിയമ ലംഘനമായതിനാലും

പ്രസ്തുത വിശദീകരണം തള്ളിക്കളയുന്നു.

പട്ടികയിലെ ക്രമനമ്പർ (20) ആയ ഡോ.അനഘ.ജി, ജോലിയിൽ തിരികെ പ്രവേശിക്കാൻ നിർദ്ദേശം നൽകിയതിനെ തുടർന്ന് അച്ചടക്ക നടപടിയിൽ നിന്നും ഒഴിഞ്ഞുമാറുന്നതിനായി സമർപ്പിച്ച രാജി അപേക്ഷ (പരാമർശം 4) വകുപ്പ് തത്ക്കാലം സ്വീകരിക്കേണ്ടതില്ല എന്ന് തീരുമാനിച്ച സാഹചര്യത്തിൽ, നോട്ടീസിന്മേൽ തൃപ്തികരമായ വിശദീകരണം സമർപ്പിക്കാത്തതായി കണക്കാക്കുന്നു. അതനുസരിച്ച് നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും തൃപ്തികരമായ മറുപടി ബോധിപ്പിക്കാൻ ഇവർക്ക് സാധിക്കാത്തതിനാലും, വകുപ്പിലെ തുടർസേവനത്തിന് ഇവർ ഒട്ടും അനുയോജ്യരല്ലെന്ന് ബോധ്യപ്പെട്ടിരിക്കുന്നു.

ഈ സാഹചര്യത്തിൽ, പ്രൊബേഷൻ പൂർത്തിയാക്കാത്ത താഴെപറയുന്ന 23 ജീവനക്കാരുടെ ഔദ്യോഗിക സേവനം തൃപ്തികരമല്ലെന്ന് കണ്ട്, 1958-ലെ **KS & SSR Part II Rule 19(b)(ii)** പ്രകാരവും, **MDP Rule 53** പ്രകാരവുമുള്ള അധികാരം വിനിയോഗിച്ച്, താഴെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മെഡിക്കൽ ഓഫീസർമാരെ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ മെഡിക്കൽ ഓഫീസർ തസ്തികയിൽ നിന്നും ഈ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തോടെ സർവ്വീസിൽ നിന്നും ഡിസ്ചാർജ്ജ് **(Discharge from Service)** ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ക്രമനമ്പർ 19-ലെ ഡോ.അഫ്സൽ ബഷീറിന് മുൻപ് നൽകിയ കുറ്റപത്രം പരാമർശം (2) നോട്ടീസ് പ്രകാരം റദ്ദാക്കിയിട്ടുള്ളതുമാണ്).

സർവ്വീസിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥരുടെ വിവരങ്ങൾ:

ക്രമ നമ്പർ	മെഡിക്കൽ ഓഫീസറുടെ പേര്	മേൽവിലാസം	വിടുതൽ ചെയ്ത സ്ഥാപനം	തിരികെ പ്രവേശിക്കേണ്ടിയിരുന്ന തീയതി
1	ഡോ.ഇന്ദു.ബി.നാരായണൻ	Parakkattu House, C.T.Road, Perumbavoor, Ernakulam.	ഇ.എസ്.ഐ ഡിസ്പെൻസറി, കുറ്റിപ്പുറം	01/07/2021
2	ഡോ.സ്മിതിൻ.എസ്.എസ്	Nandanam, Kadirur P.O., Kannur - 670 642.	ഇ.എസ്.ഐ ആശുപത്രി, തോട്ടട	06/12/2021

3	ഡോ.നജുമൽ ഹുസൈൻ	Kaikara House, Big Bazar, Kollam, Kallupalam.P.O., 691 001.	ഇ.എസ്.ഐ ഡിസ്പെൻസറി, ആശ്രാമം	01/01/2022
4	ഡോ.കാർത്തിക.പി.ജയൻ	Govinda Sadanam, TKMC P.O., Karicode, Kollam- 691 005.	ഇ.എസ്.ഐ ഡിസ്പെൻസറി, കിളികൊല്ലൂർ	10/11/2021
5	ഡോ.ജെയ്സി ജെയിംസ്	Panambarambil, VMJ Road, Palarivattom P.O., Kochi-682 025.	ഇ.എസ്.ഐ ഡിസ്പെൻസറി, എറണാകുളം നം-1	11/07/2025
6	ഡോ.ഫൈസ്.കെ.കെ	Ottupurakkal House, Paleri.P.O., Kuttiyadi-673 506.	ഇ.എസ്.ഐ ആശുപത്രി, മുളങ്കുന്നത്തുകാവ്	26/04/2025
7	ഡോ.ഐബിൻ വർഗ്ഗീസ്	Ancheril House, Pothankad.P.O., Kothamangalam- 673 585.	ഇ.എസ്.ഐ ഡിസ്പെൻസറി, തൊടിയൂർ	25/02/2026
8	ഡോ.അഖിൽ.എ.റ്റി	Akhilam House, Ramnagar, Anandashram, Kasargod - 671 531.	ഇ.എസ്.ഐ ഡിസ്പെൻസറി, നെടുമ്പന	23/05/2025
9	ഡോ.ജിതിൻ.റ്റി.ജോസഫ്	Thekkelukuthiyathottil, Kongandoor.P.O., Kottayam - 686 564.	ഇ.എസ്.ഐ ഡിസ്പെൻസറി, കാഞ്ഞിരപ്പള്ളി	01/07/2025

10	ഡോ.ഹരി.എസ്	**Pavooreth Kizhakkathil, Karanma, Vallikkunnam, Alappuzha.**	ഇ.എസ്.ഐ ഡിസ്പെൻസറി, ഫാക്ടറി വാർഡ്	**03/02/2025**
11	ഡോ.രാഹുൽ.കെ.ആർ	**Kannam Kumarath House, Peramangalam, Thrissur-680 545.**	ഇ.എസ്.ഐ ആശുപത്രി, എറണാകുളം	**30/04/2025**
12	ഡോ.ജിതിൻ.പി.കെ	**Keerthanam, Vadakara, Puthuppanam, Kozhikkode-673 105.**	ഇ.എസ്.ഐ ആശുപത്രി, വടവാതൂർ	**01/05/2023**
13	ഡോ.ജോൺ പീറ്റർ	**Pittappillil House, Kuruppampady, Aimury, Ernakulam - 683 544.**	ഇ.എസ്.ഐ ഡിസ്പെൻസറി, കുലശേഖരപുരം	**14/07/2023**
14	ഡോ.ജെറിൻ വർഗ്ഗീസ്	**Payikkattu House, Erupathekkar, Idukki - 685 511.**	ഇ.എസ്.ഐ ഡിസ്പെൻസറി, അങ്കമാലി	**08/03/2025**
15	ഡോ.സരിഗ.എസ്.നായർ	**Vrindavan, Poothakuzhy.P.O., Pampady, Kottayam - 686 921.**	ഇ.എസ്.ഐ ആശുപത്രി, വടവാതൂർ	**08/03/2025**
16	ഡോ.കിരൺ രവി	**Sark, Kurumandal, Paravur.P.O., Kollam - 691 301.**	ഇ.എസ്.ഐ ഡിസ്പെൻസറി, വൈക്കം	**13/04/2025**

17	ഡോ.ഗോകുൽ.സി.ജി	**Cherangara House, Kadathy, Mekkadampu.P.O., Ernakulam - 682 314.**	ഇ.എസ്.ഐ ഡിസ്പെൻസറി, ഫാക്ടറി വാർഡ്	**24/11/2025**
18	ഡോ.രോഹൻ.റ്റി.ജയേഷ്	**Nain Villa, TC 10/1810(1), Kavumkulam Lane, Mannanthala - 695 015, Thiruvananthapuram.**	ഇ.എസ്.ഐ ആശുപത്രി, വടവാതൂർ	**28/09/2024**
19	ഡോ.അഫ്സൽ ബഷീർ	**Koluthuparambil, Chengulam South P.O., Kottayam-686 022.**	ഇ.എസ്.ഐ ഡിസ്പെൻസറി, മുഹമ്മ	**15/04/2021**
20	ഡോ.അനഘ.ജി	**Gayathri, B12 A, Nila Nagar, Kazhakkoottam, Thiruvananthapuram 695 582.**	ഇ.എസ്.ഐ ഡിസ്പെൻസറി, പാരിപ്പള്ളി	**11/04/2026**
21	ഡോ.അരവിന്ദ്.ജെ	**Aravindam, XI/1056, Perumkoor, Konchira.P.O., Vembayam, Thiruvananthapuram.**	ഇ.എസ്.ഐ ഡിസ്പെൻസറി, പുത്തൂർ	**11/03/2026**
22	ഡോ.ഫാത്തിമ ഷഹാന	**Cliff House, Kondotty, Malappuram, Kondotty-673 638.**	ഇ.എസ്.ഐ ആശുപത്രി, തോട്ടട	**24/09/2025**

23	ഡോ.അക്ഷയ്.പി	**42/353, Bhagavathy Street, Near KRK Mandapam, Palakkad, Palakkad Town P.O., 678 014.**	ഇ.എസ്.ഐ ഡിസ്പെൻസറി, ആറ്റിങ്ങൽ	**09/04/2026**

Digitally signed by Rani Prasad
Date: 06-11-2026 16:43:45

ഡോ. Rani Prasad

ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർ(ഇൻ-ചാർജ്ജ്)

തിരുവനന്തപുരം

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർ (സ്ഥാപനമേധാവി മുഖേന)

പകർപ്പ്:-

1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവീസസ്, (ദക്ഷിണ മേഖല, കൊല്ലം/മദ്ധ്യ മേഖല, എറണാകുളം/ഉത്തര മേഖല, കോഴിക്കോട്).
2. സൂപ്രണ്ട്, ബന്ധപ്പെട്ട ഇ.എസ്.ഐ. ആശുപത്രികൾ (ഉത്തരവിൽ പരാമർശിച്ചവ).
3. ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, ബന്ധപ്പെട്ട ഇ.എസ്.ഐ. ഡിസ്പെൻസറികൾ (ഉത്തരവിൽ പരാമർശിച്ചവ).
4. ഐ ടി വിഭാഗം (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
5. ഫയൽ/ സ്റ്റോക്ക് ഫയൽ.